# A

**17820** **120 MINUTES**

1. കേരള സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'കേരളഭാഷാഗാനങ്ങൾ' (വാല്യം 1) സമാഹരിച്ചത് ആര് ?
   A) വി. ആനന്ദക്കുട്ടൻനായർ  B) ചിറയ്ക്കൽ ടി. ബാലകൃഷ്ണൻനായർ
   C) ആർ. നാരായണപ്പണിക്കർ  D) ശങ്കരൻ എഴുത്തച്ഛൻ

2. ബാധപ്രീതികരങ്ങൾ, ദേശചരിത്രപരങ്ങൾ, ദേവാരാധനോപയുക്തങ്ങൾ എന്ന് തെക്കൻ പാട്ടുകളെ വകതിരിച്ചത് ആര് ?
   A) ഉള്ളൂർ  B) പി. ശങ്കരൻ നമ്പ്യാർ
   C) എ. ഡി. ഹരിശർമ്മ  D) ഗുണ്ടർട്ട്

3. 'സംസ്കൃത അക്ഷരമാല മലയാളത്തിൽ സ്വീകരിക്കുന്നതിന് മുമ്പുള്ളതും ഭാഷയുടെ ആദ്യരൂപത്തെ പ്രതിഫലിപ്പിക്കുന്നതുമായ ഒരു കൃതിയാണ് രാമചരിതം'. ഈ നിരീക്ഷണം ആരുടെ?
   A) കെ. ഗോദവർമ്മ  B) കെ. എം. ജോർജ്
   C) ആറ്റൂർ കൃഷ്ണപ്പിഷാരടി  D) ഗുണ്ടർട്ട്

4. ഇടശ്ശേരിയുടെ മാത്രം കൃതികൾ അടങ്ങുന്ന ഗണം തെരഞ്ഞെടുക്കുക
   A) ഇത്താപ്പിരി ; ഗൂർഖയും സേട്ടുവും
   B) പുത്തൻകലവും അരിവാളും ; തീവണ്ടിയിലെ പാട്ട്
   C) പണിമുടക്ക് ; നെല്ലുകുത്തുകാരി പാറുവിന്റെ കഥ
   D) പൂതപ്പാട്ട് ; തീവണ്ടിയിലെ പാട്ട്

5. 'പാദത്തിനേറ്റക്കുറവോ നിയമങ്ങൾക്ക് ഭേദമോ വരുന്ന മറ്റ് വൃത്തങ്ങളെല്ലാം ഗാഥയിൽ ഉൾപ്പെടും'. ഈ പ്രസ്താവം ഏത് കൃതിയിൽനിന്ന് ?
   A) വൃത്തമഞ്ജരി  B) വൃത്തശാസ്ത്രം
   C) വൃത്തവിചാരം  D) വൃത്തശില്പം

6. ശരിയായ ഗണം ഏത്?

| പട്ടിക I | പട്ടിക II |
|---|---|
| (a) അനുപമരാകിയ ഭൂദേവന്മാർ<br>അവരവരേ മമ ദൈവമെന്നാൽ | i. രാമകഥാപ്പാട്ട് |
| (b) തുണയെനക്കിതിനു മിക്കവരുമുൾക്കനമറ-<br>ച്ചുരുങ്കിനൊരകുതിയെന്ററിഞ്ഞു നല്ലവരെല്ലാം | ii. കണ്ണശ്ശരാമായണം |
| (c) വേട്ടപെണ്ണെക്കളവാണ്ടകള്ളനങ്കിരിക്ക<br>വെറുതാവിലെ നാനും കിടന്തിങ്കെമരിക്ക | iii. തിരുനിഴൽമാല |
| (d) .......................നിലവിളക്കിൽ<br>മേവിന നാരായംപോൽ വിളങ്കിന മേരുക്കുന്നു. | iv. ഭാരതമാല |
| | v. രാമചരിതം |

| | (a) | (b) | (c) | (d) | | (a) | (b) | (c) | (d) |
|---|---|---|---|---|---|---|---|---|---|
| A) | v | iv | iii | i | B) | iv | iii | i | v |
| C) | i | v | ii | iv | D) | ii | v | i | iii |

7. കാരമില്ലാത്ത വിഭക്തി ഏത്?
   A) ആധാരിക  B) സംബന്ധിക
   C) ഉദ്ദേശിക  D) പ്രയോജിക

8. 'കോകസന്ദേശ'ത്തിന്റെ പ്രത്യേകത എന്ത് ?

A) നായികയുടെ പേര് പരാമർശിച്ചിട്ടില്ല
B) തിരുവനന്തപുരം മുതൽ കടുത്തുരുത്തി വരെയുള്ള മാർഗ്ഗവർണ്ണന
C) പൂർവ്വഭാഗം, ഉത്തരഭാഗം എന്നുള്ള വിഭജനം
D) സാമൂതിരിയുടെ സ്ഥാനാരോഹണചടങ്ങ് പരാമർശിക്കുന്നു

9. 'സന്ദേശം അതൊന്നേയുള്ളൂ' എന്ന പ്രബന്ധം ഉൾക്കൊള്ളുന്ന കൃതിയും കർത്താവും ?
A) ദന്തഗോപുരം - കുട്ടിക്കൃഷ്ണമാരാര്
B) ഘണ്ടാപഥം - ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ
C) മാനദണ്ഡം - മുണ്ടശ്ശേരി
D) ഇസങ്ങൾക്കപ്പുറം - എസ്. ഗുപ്തൻനായർ

10. കാര്യം : രാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട് എന്നിവ മൂന്നും എഴുത്തച്ഛന്റെ കൃതികളായി കരുതാം.
കാരണം : (1) മൂന്ന് കൃതികളിലും വിദ്വേഷഭക്തിയുടെ സ്വഭാവം കാണാം.
(2) ഒരേ ഇമേജറിയുടെ ആവിഷ്കാരം ഒരേനിലയിൽതന്നെ മൂന്ന് കൃതികളിലുമുണ്ട്.
(3) ഭാരതം കിളിപ്പാട്ടിൽ ഭാഗവതം കിളിപ്പാട്ടിനെപ്പറ്റി പരാമർശിക്കുന്നുണ്ട്.

A) കാര്യം ശരി, കാരണം (1) മാത്രം ശരി
B) കാര്യം ശരി, കാരണം (2) മാത്രം ശരി
C) കാര്യവും കാരണം (1) ഉം (3) ഉം ശരി
D) കാര്യവും കാരണം (2) ഉം (3) ഉം ശരി

11. പൂന്താനത്തിന്റേതല്ലാത്ത കൃതി ഏത് ?
A) നൂറ്റെട്ട്ഹരി
B) ഘനസംഘം
C) ശ്രീസ്തുതി
D) ശ്രീകൃഷ്ണകർണ്ണാമൃതം

12. "കുചേലവൃത്തം (വഞ്ചിപ്പാട്ട്) എന്തുകൊണ്ട് ദ്രുതകവനമായിക്കൂടാ" എന്ന് വാദിച്ച പണ്ഡിതൻ ആര്
A) പി. കെ. പരമേശ്വരൻനായർ
B) ഉള്ളൂർ
C) പി. ശങ്കരൻനമ്പ്യാർ
D) പി. ദാമോദരൻപിള്ള

13. കൊച്ചിയിലെ സ്വാതന്ത്ര്യസമര പരിപാടികൾക്ക് നേതൃത്വം നൽകിയ സംഘടന?
A) കൊച്ചി സ്റ്റേറ്റ് കോൺഗ്രസ്സ്
B) മലയാളി മെമ്മോറിയൽ
C) പ്രജാമണ്ഡലം
D) കൊച്ചിൻ കോൺഗ്രസ്സ്

14. കേരളവർമ്മയുടേതല്ലാത്ത രചനകളുടെ ക്രമം ഏത്?
A) ഗദ്യപാഠാവലികൾ, വിജ്ഞാനപാഠങ്ങൾ, ക്ഷമാപണസഹസ്രം
B) ക്ഷേത്രവ്യവഹാരം, സന്മാർഗ്ഗസംഗ്രഹം, സന്മാർഗ്ഗവിവരണം
C) ബാലപരിചരണം, വിദ്യാഭ്യാസം, സ്വതന്ത്രരാജ്യഭാരം
D) എന്റെ മൃഗയാസ്മരണകൾ, ഇന്ത്യയിലെ മഹാന്മാർ, ഭാഷാനാരായണീയം

15. കൃതികളുടെ പ്രസിദ്ധീകരണകാലമനുസരിച്ചുള്ള ശരിയായ ക്രമം ഏത് ?
A) രുഗ്മാംഗദചരിതം, രാമചന്ദ്രവിലാസം, ഉമാകേരളം, ശ്രീയേശുവിജയം
B) ഉമാകേരളം, രുഗ്മാംഗദചരിതം, ശ്രീയേശുവിജയം, രാമചന്ദ്രവിലാസം
C) രാമചന്ദ്രവിലാസം, ഉമാകേരളം, രുഗ്മാംഗദചരിതം, ശ്രീയേശുവിജയം
D) രാമചന്ദ്രവിലാസം, രുഗ്മാംഗദചരിതം, ഉമാകേരളം, ശ്രീയേശുവിജയം

16. ഖണ്ഡനമാണ് വിമർശനം എന്ന് വീറോടെ വാദിച്ച നിരൂപകൻ ആര്?

A) എം.പി.പോൾ  B) സുകുമാർ അഴിക്കോട്
C) ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ  D) കെ.പി.അപ്പൻ

17. കൈരളീദേവിയുടെ 'മണിമഞ്ജീരം' എന്ന് കേരളവർമ്മയും 'പാദശൃംഖല'എന്ന് എ. ആർ. രാജരാജ വർമ്മയും വിശേഷിപ്പിച്ചത് എന്തിനെ ?

A) മഹാകാവ്യപ്രസ്ഥാനത്തെ  B) ദ്വിതീയാക്ഷരപ്രാസത്തെ
C) കാവ്യത്തിന്റെ രൂപഭദ്രതയെ  D) ഉമാകേരളത്തെ

18. ശരിയായ ഗണം ഏത്?

| പട്ടിക I | പട്ടിക II |
|---|---|
| (a) തപതീസംവരണം | i. കുമാരനാശാൻ |
| (b) ഭക്തവിലാപം | ii. ചങ്ങമ്പുഴ |
| (c) രത്നമാല | iii. വള്ളത്തോൾ |
| (d) ആകാശഗംഗ | iv. കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| | v. ഉള്ളൂർ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | i | iv | iii | v |
| B) | ii | iii | v | i |
| C) | iv | i | v | ii |
| D) | iii | i | v | ii |

19. പ്രസിദ്ധീകരണ കാലമനുസരിച്ച് ശരിയായ ക്രമം ഏത് ?

A) ഉദ്യാനലക്ഷ്മി, രക്തപുഷ്പങ്ങൾ, പാടുന്നപിശാച്, സ്വരരാഗസുധ
B) ഉദ്യാനലക്ഷ്മി, പാടുന്നപിശാച്, രക്തപുഷ്പങ്ങൾ, സ്വരരാഗസുധ
C) രക്തപുഷ്പങ്ങൾ, ഉദ്യാനലക്ഷ്മി, പാടുന്നപിശാച്, സ്വരരാഗസുധ
D) പാടുന്നപിശാച്, സ്വരരാഗസുധ, രക്തപുഷ്പങ്ങൾ, ഉദ്യാനലക്ഷ്മി

20. ശരിയായ ഗണം ഏത്?

| പട്ടിക I | പട്ടിക II |
|---|---|
| (a) ഗാർഹസ്ഥ്യത്തിന്റെ ആർദ്രതയും പ്രസന്നതയും മാതൃത്വത്തിന്റെ മാധുര്യവാത്സല്യങ്ങളും ഹൃദയസ്പർശിയാക്കുന്ന കവിത | i. പൂതപ്പാട്ട് |
| (b) മതപുരോഹിതന്മാർ ദൈവങ്ങളെ സൃഷ്ടിക്കുകയും പാവങ്ങളെ അരിഷ്ടിപ്പിച്ച് കൊല്ലുകയും ചെയ്യുന്നതിന്റെ നേരെയുള്ള പ്രതിഷേധം അനാവരണം ചെയ്യുന്ന കവിത | ii. ഓടക്കുഴലും ലാത്തിയും |
| (c) അധീശശക്തിയെ പരിഹസിക്കുന്ന കൃതി ആകയാൽ നിരോധിക്കപ്പെട്ട പ്രതീകാത്മക വിപ്ലവഗാനം | iii. നാട്ടുവെളിച്ചം |
| (d) മാതൃബിംബത്തെ അതിന്റെ വൈവിധ്യങ്ങളോടെ ആവിഷ്കരിച്ചിരിക്കുന്ന കൃതി | iv. ഇത്താപ്പിരി |
| | v. ചോറൂണ് |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | v | i | iii | iv |
| B) | v | iv | ii | i |
| C) | i | iv | ii | iii |
| D) | iii | ii | v | i |

21. മഹാത്മജിയുടെ ജീവിതസംഭവങ്ങൾ വർണ്ണിച്ചിരിക്കുന്ന ‘ധർമ്മസൂര്യൻ’ എന്ന ഖണ്ഡകാവ്യം ആരുടെ ?

A) സച്ചിദാനന്ദൻ
B) എൻ. എൻ. കക്കാട്
C) മാധവൻ അയ്യപ്പത്ത്
D) അക്കിത്തം

22. എം. ഗോവിന്ദന്റെ കൃതി ഏത്?

A) കുരുവികൾ
B) പണിമുടക്കം
C) നോക്കുകുത്തി
D) ഊഞ്ഞാലിന്മേൽ

23. സി. വി. ബാലകൃഷ്ണൻ, വി.ആർ.സുധീഷ്, പ്രിയ എ. എസ്, ഗ്രേസി എന്നിവരുടെ കഥകളുടെ ശരിയായ ക്രമം ഏത് ?

A) സോപാനം, മുഖലക്ഷണം, ഉറങ്ങാൻവയ്യ, സൈക്കിൾ
B) സൈക്കിൾ, ഭ്രാന്തൻപൂക്കൾ, ഉറങ്ങാൻവയ്യ, ശതാവധാനം
C) സ്വപ്നംപോലെ, ഭ്രാന്തൻപൂക്കൾ, ഉറങ്ങാൻവയ്യ, സൈക്കിൾ
D) ഉറങ്ങാൻവയ്യ, സൈക്കിൾ, സ്വപ്നംപോലെ, ഭ്രാന്തൻപൂക്കൾ

24. ‘‘അപ്പുമാന്റെയകമോളമാർന്നവീ-
ർപ്പപൊഴാഞ്ഞനതിദൂരഭൂമിയിൽ
അത്ഭുതം! തരുവിലീനമേനിയായ്
..................................ഹൃത്തടം’’. വിട്ടുപോയ ഭാഗംഏത്?

A) നില്പൊരാൾക്കു തിരതല്ലി
B) നില്പൊരാൾ, തിരതല്ലീതു
C) നില്പതേ, തിരതല്ലീതു
D) നില്പതും തിരതല്ലീതു

25. മൃത്യുവിന്റെ സാന്നിധ്യം ആവഹിക്കുന്ന വള്ളത്തോൾക്കവിതകളുടെ മാത്രം ഗണം ഏത് ?

A) പകൽ, ബുഭുക്ഷ, മിഥ്യാഭിമാനം, നരകണ്ടിട്ട്
B) പകൽ, ബുഭുക്ഷ, ഉണ്ണാനില്ലഉടുപ്പാനില്ല, അത്യാഹിതം
C) പട്ടിൽപൊതിഞ്ഞ തീക്കൊള്ളി, ഇരുളിൽനിന്ന്, ഒരു അനുതാപം, മഹാസമാധി
D) ഭക്തവിലാപം, ബുഭുക്ഷ, ഭൂതദയ, നരകണ്ടിട്ട്

26. ‘കേസരിയുടെ സാഹിത്യവിമർശനങ്ങൾ’ എന്ന സമാഹാരഗ്രന്ഥത്തിലെ ‘ആമുഖം’ ആരുടെ ?

A) എം. ലീലാവതി
B) എൻ. വി. കൃഷ്ണവാര്യർ
C) സുകുമാർ അഴീക്കോട്
D) എം. എൻ. വിജയൻ

27. ‘ശാസനങ്ങൾ പഠിച്ചില്ലെങ്കിലും ഭാഷാകൗടലീയം ശരിയായി പഠിച്ചാൽ പ്രാചീന ഭാഷാസാഹിത്യത്തിൽ ഒരു പ്രവേശം ലഭിക്കുമെന്നുള്ളതിൽ സംശയമില്ല.’ ഈ നിരീക്ഷണം ആരുടെ?

A) ഇളങ്കുളം
B) എ. സി. ശേഖർ
C) പുതുശ്ശേരി രാമചന്ദ്രൻ
D) കെ. രത്നമ്മ

28. ‘‘പാതിരിയുടെ വ്യാകരണം ഇംഗ്ലീഷിലായിരുന്നാൽ എനിക്ക് ഇരട്ടി ഉപയോഗപ്പെടുമായിരുന്നു.’’ ഈ പ്രസ്താവം ആരുടെ ? ഏത് വ്യാകരണത്തെക്കുറിച്ച്?

A) എ. ആർ. രാജരാജവർമ്മ - മലയാളഭാഷാവ്യാകരണം
B) കാൾഡ്വൽ - മലയാളഭാഷാവ്യാകരണം
C) എ. ആർ. രാജരാജവർമ്മ - മലയാളവ്യാകരണചോദ്യോത്തരം
D) ഗുണ്ടർട്ട് - മലയാഴ്മയുടെ വ്യാകരണം

29. ഒരു കാലഘട്ടത്തിന്റെ ചരിത്രരേഖ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആത്മകഥ ഏത് ?

A) തുടിക്കുന്ന താളുകൾ B) കണ്ണീരും കിനാവും
C) കണ്ണീരും മഴവില്ലും D) മനസാസ്മരാമി

30. കേരളത്തിലെ കോൺഗ്രസ്പ്രവർത്തനത്തിന്റെ ചുരുങ്ങിയ ചരിത്രം അനാവരണം ചെയ്യുന്ന ആത്മകഥ ഏത് ?
A) എന്റെ ജീവിതകഥ B) എന്റെ വക്കീൽജീവിതം
C) അർഥവിരാമം D) കഴിഞ്ഞകാലം

31. ചങ്ങമ്പുഴ കൃഷ്ണപിള്ള : നക്ഷത്രങ്ങളുടെ സ്നേഹഭാജനം, ബഷീർ : ഏകാന്തവീഥിയിലെ അവധൂതൻ, പി. കെ. ബാലകൃഷ്ണൻ : ഉറങ്ങാത്ത മനീഷി – ഈ കൃതികളുടെ കർത്താവിന്റെ വേറെ കൃതി ഏത് ?
A) കൊഴിഞ്ഞ ഇലകൾ B) അരങ്ങ് കാണാത്ത നടൻ
C) മൃത്യുഞ്ജയം കാവ്യജീവിതം D) കവിയുടെ കാൽപ്പാടുകൾ

32. ഗ്രന്ഥകർത്താവ് ‘അടിയന്തരാവസ്ഥയിലെ പീഡിതർക്ക്’ സമർപ്പിച്ചിട്ടുള്ള കൃതി ഏത് ?
A) സ്മരണമണ്ഡലം B) എന്റെ ജീവിതസ്മരണകൾ
C) ഒരച്ഛന്റെ ഓർമ്മക്കുറിപ്പുകൾ D) ജീവിതസമരം

33. ‘സുഭദ്രയ്ക്ക് തുല്യം സുഭദ്രയേ ഉള്ളൂ മലയാളനോവലിൽ ; നമ്മുടെ നോവലുകൾ പലപടവുകൾ കടന്നുപോന്നതിനുശേഷവും’. ഈ നിരീക്ഷണത്തിലെ സുഭദ്ര ഏത് നോവലിൽ ?
A) മാർത്താണ്ഡവർമ്മ B) രാമരാജാബഹദൂർ
C) ധർമ്മരാജ D) കുന്ദലത

34. ശരിയായ ഗണം ഏത്?

| പട്ടിക I | പട്ടിക II |
|---|---|
| (a) പ്രതിപാത്രംഭാഷണഭേദം | i. കെ. സുരേന്ദ്രൻ |
| (b) നോവൽ സിദ്ധിയും സാധനതയും | ii. എം. പി. പോൾ |
| (c) നോവൽസ്വരൂപം | iii. എൻ. കൃഷ്ണപിള്ള |
| (d) നോവൽസാഹിത്യം | iv. പി. കെ. രാജശേഖരൻ |
| | v. പി. കെ. ബാലകൃഷ്ണൻ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | iii | i | iv | ii |
| B) | iii | v | i | ii |
| C) | ii | v | iii | iv |
| D) | iv | i | ii | v |

35. പ്രൊഫ.ജോസഫ് മുണ്ടശ്ശേരി തന്റെ രൂപഭദ്രതാവാദം ഏത് നോവലിന്റെ നിരൂപണത്തിലാണ് അവതരിപ്പിച്ചത് ?
A) തോട്ടിയുടെ മകൻ
B) ഓടയിൽ നിന്ന്
C) ബാല്യകാലസഖി
D) അഗ്നിസാക്ഷി

36. നാല് തലമുറകളുടെ ചരിത്രത്തിലൂടെ തെന്നിപ്പരക്കുന്ന ഇതിവൃത്തം, അനേകം കഥാപാത്രങ്ങൾ, മണ്ണ്, ഭൂപ്രകൃതി, പ്രദേശം തുടങ്ങിയവയുടെ ആവിഷ്കാരങ്ങളിലൂടെ ഒരു ജനസമൂഹത്തിന്റെ കഥ പറയുന്ന ഐതിഹാസിക കൃതി ഏത് ?
A) ഊഞ്ഞാൽ

B) കയർ
C) കാലം
D) സുന്ദരികളും സുന്ദരന്മാരും

37. പരദേശികളുടെ കഥ, കൊല്ലന്റെ കഥ, അഞ്ച് സഹോദരന്മാരുടെ കഥ എന്നീ മൂന്ന് കഥകൾ ആഖ്യാനത്തിൽ സ്ഥാനം പിടിച്ച നോവൽ ഏത് ?

| | | | |
|---|---|---|---|
| A) | പാണ്ഡവപുരം | B) | തട്ടകം |
| C) | അരനാഴികനേരം | D) | തലമുറകൾ |

38. കൃതികളും കഥാപാത്രങ്ങളും കൊടുത്തിരിക്കുന്നു. ശരിയായ ഗണം ഏത് ?

| പട്ടിക I | പട്ടിക II |
|---|---|
| (a) ഉഷ്ണമേഖല | i. ഗോവർദ്ധൻ ആചാരി |
| (b) ആൾക്കൂട്ടം | ii. കുഞ്ഞുകൃഷ്ണപിള്ള |
| (c) സ്മാരകശിലകൾ | iii. പയ്യൻ |
| (d) ആരോഹണം | iv. ജോസഫ് |
| | v. കല്യാണിയമ്മ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | ii | iv | i | iii |
| B) | v | iv | i | iii |
| C) | ii | v | iv | i |
| D) | ii | iv | i | v |

39. നോവലിസ്റ്റുകളേയും അവരുടെ കൃതികളിൽ അവതരിപ്പിച്ച സമൂഹങ്ങളേയും കൊടുത്തിരിക്കുന്നു. ശരിയായ ഗണം ഏത് ?

| പട്ടിക I | പട്ടിക II |
|---|---|
| (a) പാറപ്പുറത്ത് | i. അമ്പലവാസികൾ |
| (b) വൈക്കം മുഹമ്മദ് ബഷീർ | ii. നഗരവാസികൾ |
| (c) വത്സല | iii. മുസ്ലീമുകൾ |
| (d) ആനന്ദ് | iv. ആദിവാസികൾ |
| | v. ക്രൈസ്തവർ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | v | ii | iv | i |
| B) | v | iii | iv | ii |
| C) | ii | iii | iv | v |
| D) | i | iv | ii | iii |

40. ‘‘ആ അടിച്ചകൈ വാഴട്ടെ - ഇന്ന് നിങ്ങൾ എന്റെ തലയിൽ കുളംതോണ്ടി. നാളെയൊരുകാലത്തു ഇവിടം തന്നെ കുളംകോരിപ്പോകും ...... എല്ലാറ്റിനും ഈശ്വരൻ സാക്ഷി’’ സിവി രാമൻപിള്ളയുടെ ഒരു നോവലിലെ സംഭാക്ഷണമാണിത്. ആര് ആരോട് പറഞ്ഞു?

A) പവതിക്കൊച്ചി കേശവനുണ്ണിത്താനോട്
B) കേശവനുണ്ണിത്താൻ കേശവപിള്ളയോട്
C) കേശവപിള്ള അരത്തമ്മത്തങ്കച്ചിയോട്
D) മീനാക്ഷി കേശവനുണ്ണിത്താനോട്

41. ‘വാസനാവികൃതി’ ആരുടെ കഥ ?
   A) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
   B) ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ
   C) മൂർക്കോത്തു കുമാരൻ
   D) സി. പി. അച്ച്യുതമേനോൻ

42. ‘ചങ്ങലം പരണ്ട’ ഏത് ഹാസ്യസാഹിത്യകാരന്റെ ഭാവനാസൃഷ്ടിയിലെ സ്ഥലമാണ് ?
   A) ഇ.വി.കൃഷ്ണപിള്ള
   B) സഞ്ജയൻ
   C) സീതാരാമൻ
   D) ചെമ്മനം ചാക്കോ

43. കുമാരനാശാൻ വിവർത്തനം ചെയ്ത സംസ്കൃതനാടകം ഏത്?
   A) സ്വപ്നവാസവദത്തം
   B) പ്രബോധചന്ദ്രോദയം
   C) വേണീസംഹാരം
   D) ഊരുഭംഗം

44. “മനസ്സിൽ ഒരുചിത്രം രൂപപ്പെടുത്തുക, ദൃശ്യങ്ങളും ശബ്ദങ്ങളും എല്ലാം ചേർന്ന ചിത്രം മനസ്സിന്റെ തിരശ്ശീലയിൽ ഓടിച്ചെടുക്കാൻ കഴിയണം. എഴുതാനിരിക്കുമ്പോൾ രചന പഠിക്കേണ്ടതു ആചാര്യൻ ഐസൻസ്റ്റീനെ തന്നെയാണെന്ന് ഞാൻ വിശ്വസിക്കുന്നു”. തിരക്കഥാ രചനെയെക്കുറിച്ചുള്ള ഈ അഭിപ്രായം ആരുടേത്?
   A) പി.പത്മരാജൻ
   B) എസ്.എൽ പുരം സദാനന്ദൻ
   C) അടൂർ ഗോപാലകൃഷ്ണൻ
   D) എം.ടി വാസുദേവൻ നായർ

45. എസ്. കെ. പൊറ്റെക്കാട്ടിന്റെ കഥകൾ മാത്രം ഉൾക്കൊള്ളുന്ന ഗണം ഏത് ?
   A) നിശാഗന്ധി, വിധി, സ്ത്രീ, ഭ്രാന്തൻനായ
   B) ആരാധന, പ്രത്യാഗമനം, പൊന്നമ്മ, വിത്തുംമണ്ണും
   C) അമ്മ, സ്കൂൾപ്രണയം, മാണിക്കൻ, പ്രസാദം
   D) പെൺബുദ്ധി, ചോലമരങ്ങൾ, പരീക്ഷണം, പ്രഥമരാത്രി

46. കുട്ടികളുടെയും യുവജനങ്ങളുടെയും മധ്യവയസ്കരുടെയും എന്ന പോലെ വൃദ്ധജനങ്ങളുടെയും മനസ്സിലെ സൂക്ഷ്മഭാവഗതികൾ ആവിഷ്കരിച്ചിട്ടുള്ള കഥാകാരി ആര് ?
   A) സാറാ ജോസഫ്
   B) കെ. സരസ്വതിയമ്മ
   C) കടത്തനാട്ട് മാധവിയമ്മ
   D) മാധവിക്കുട്ടി

47. സ്ത്രീനാടകവേദിയുമായി ബന്ധപ്പെട്ടുപ്രവർത്തിക്കുന്ന നടി ആര്?
   A) പി.ഗീത
   B) ആർ.ബി.രാജലക്ഷ്മി
   C) സാറാ ജോസഫ്
   D) കെ.വി.ശ്രീജ

48. കെ. പി. രാമനുണ്ണി, യു. കെ. കുമാരൻ എന്നിവരുടെ കഥകൾ യഥാക്രമം കൊടുത്തിരിക്കുന്ന ഗണം ഏത്?
   A) വിലകൂടിയ പട്ടികൾ, മുഖലക്ഷണം
   B) മുഖലക്ഷണം, വിലകൂടിയ പട്ടികൾ
   C) വിലകൂടിയ പട്ടികൾ, വിവാഹത്തലേന്ന്
   D) വീണ്ടും രമണൻ, കലികാലം

49. എൻ. എസ്. മാധവന്റേതല്ലാത്ത കഥ ഏത് ?
   A) പാഞ്ചാലി
   B) അഹല്യ
   C) മണ്ഡോദരി
   D) താരാ ഫെർണാണ്ടസ്

50. പത്മരാജൻ സ്വന്തം നോവലിന് തിരക്കഥയെഴുതി - ഏത് സിനിമയ്ക്കുവേണ്ടി?
   A) ഇതാ ഇവിടെ വരെ
   B) തിങ്കളാഴ്ച നല്ല ദിവസം

C) കൂടെവിടെ D) നവംബറിന്റെ നഷ്ടം

51. ഉത്തരകേരളത്തിലെ പൊറാട്ട് നാടകത്തോട് വളരെയധികം സാധർമ്മ്യം പുലർത്തുന്ന കലാരൂപം ഏത്
A) സംഘക്കളി B) പാവക്കൂത്ത്
C) കാക്കാരിശ്ശി നാടകം D) സീതകളി

52. ജി. ശങ്കരപ്പിള്ള, നരേന്ദ്രപ്രസാദ്, പി. എം. താജ്, കെ. ജെ. ബേബി എന്നിവരുടെ കൃതികളുടെ യഥാർത്ഥ ക്രമം ഏത് ?
A) വെള്ളിയാഴ്ച, കറുത്തദൈവത്തെ തേടി, നാടുഗദ്ദിക, കുടുക്ക
B) കറുത്തദൈവത്തെ തേടി, വെള്ളിയാഴ്ച, കുടുക്ക, നാടുഗദ്ദിക
C) കുടുക്ക, കറുത്തദൈവത്തെ തേടി, നാടുഗദ്ദിക, വെള്ളിയാഴ്ച
D) നാടുഗദ്ദിക, വെള്ളിയാഴ്ച, കുടുക്ക, കറുത്തദൈവത്തെ തേടി

53. കേരളത്തിലെ ക്രിസ്ത്യാനികളുടെ തനതു നാടകമെന്ന നിലയിൽ പ്രചാരം നേടിയ കലാരൂപം ഏത് ?
A) ശാസ്ത്രക്കളി B) ഐവർ നാടകം
C) ചവിട്ടുനാടകം D) കണ്യാർകളി

54. (1) പദാർത്ഥാഭിനയം പരമപ്രധാനം
(2) പദാർത്ഥാഭിനയത്തിന് പ്രസക്തിയില്ല
(3) അഭിനയാരംഭത്തിനുമുമ്പുള്ള വാദ്യമേളം 'മേളപ്പദം' എന്ന് അറിയപ്പെടുന്നു.
(4) വാചികാഭിനയം പരമപ്രധാനം
എന്നിവയിൽ കഥകളിയുമായി ബന്ധപ്പെട്ടവ ഏത് ഗണത്തിൽപ്പെടുന്നു ?
A) (1) മാത്രം B) (1) ഉം (3) ഉം
C) (2) ഉം (4) ഉം D) (4) മാത്രം

55. പ്രാസവാദത്തിന്റെ ചരിത്രം വിസ്തരിച്ചിട്ടുള്ള ജീവചരിത്രഗ്രന്ഥം ഏത് ?
A) ഉള്ളൂർ മഹാകവി B) കുഞ്ഞിക്കുട്ടൻ തമ്പുരാൻ
C) എ. ബാലകൃഷ്ണപിള്ള D) മഹാകവി വള്ളത്തോൾ

56. ശരിയായ ഗണം ഏത്?

| പട്ടിക I | പട്ടിക II |
|---|---|
| (a) സലജ്ജോഹം | i. കോട്ടവട്ടം |
| (b) വെട്ടത്തുസമ്പ്രദായം | ii. സംഗീതസമ്പ്രദായം |
| (c) ലോകധർമ്മി | iii. നിവാതകവചകാലകേയവധം |
| (d) മാർഗ്ഗി | iv. മനുഷ്യഭാവങ്ങളെ യഥാതഥമായി അഭിനയിക്കുന്ന രീതി |
| | v. നാട്യസങ്കേതങ്ങൾ അനുസരിച്ചുള്ള അഭിനയരീതി |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | iii | i | iv | ii |
| B) | iii | i | v | ii |
| C) | i | iii | iv | v |
| D) | v | ii | iv | i |

57. 'ഉത്തരാസ്വയംവര'ത്തിലെ കഥാപാത്രം ആര് ?
A) മല്ലൻ B) നാരദൻ C) ഉദ്ധവർ D) ഹനുമാൻ

58. അയ്മനം കൃഷ്ണക്കൈമൾ, വി. കൃഷ്ണൻതമ്പി എന്നിവരുടെ ആട്ടക്കഥകൾ യഥാക്രമം ഏത് ഗണത്തിൽപ്പെടുന്നു ?

A) മണികണ്ഠവിജയം, അയ്യപ്പചരിതം
B) ഡോ: ഫൗസ്റ്റ്, താടകാവധം
C) പാർവ്വതീസ്വയംവരം, പാത്രചരിതം
D) ദാവീദ്‌വിജയം, ഉപഗുപ്തവിജയം

59. ‘സർക്കാർ’ എന്ന പദം ഏത് ഭാഷയിൽ നിന്നാണ് മലയാളം സ്വീകരിച്ചത്?

A) പേർഷ്യൻ B) അറബിക് C) ഹിന്ദി D) മറാത്തി

60. വി. എസ്. ശർമ്മ, ഏവൂർ പരമേശ്വരൻപിള്ള, മാടശ്ശേരി മാധവവാര്യർ, കെ. എൻ. ഗണേശ് എന്നിവരുടെ കൃതികൾ യഥാക്രമം, ഏത് ഗണത്തിൽപ്പെടുന്നു ?

A) നമ്പ്യാരും തുള്ളൽ സാഹിത്യവും, കുഞ്ചൻവരെ, കുഞ്ചൻനമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും, കുഞ്ചൻനമ്പ്യാർ: വാക്കും സമൂഹവും
B) കുഞ്ചൻവരെ, കുഞ്ചൻനമ്പ്യാർ: വാക്കും സമൂഹവും, കുഞ്ചൻനമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും, നമ്പ്യാരും തുള്ളൽ സാഹിത്യവും
C) കുഞ്ചൻനമ്പ്യാർ: വാക്കും സമൂഹവും, കുഞ്ചൻനമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും, നമ്പ്യാരും തുള്ളൽ സാഹിത്യവും, കുഞ്ചൻവരെ
D) കുഞ്ചൻനമ്പ്യാരും അദ്ദേഹത്തിന്റെ കൃതികളും, നമ്പ്യാരും തുള്ളൽ സാഹിത്യവും, കുഞ്ചൻവരെ, കുഞ്ചൻനമ്പ്യാർ: വാക്കും സമൂഹവും

61. താഴെക്കാണുന്ന ഈരടികൾ യഥാക്രമം ഉൾക്കൊള്ളുന്ന കൃതികൾ ഏത് ഗണത്തിൽപ്പെടുന്നു ?

(1) പാൽക്കടൽത്തിര തള്ളിയേറി വരുന്നപോലെ പദങ്ങളെൻ
നാക്കിലങ്ങനെ നൃത്തമാണൊരു ഭോഷ്കു ചൊല്ലുകയല്ല ഞാൻ

(2) വാരിധിതന്നിൽ തിരമാലകളെന്നപോലെ
ഭാരതീപദാവലി തോന്നേണം കാലേകാലേ

A) കല്ല്യാണസൗഗന്ധികം ശീതങ്കൻതുള്ളൽ, മഹാഭാരതം കിളിപ്പാട്ട്
B) കീചകവധം പറയൻതുള്ളൽ, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്
C) സ്വമന്തകം ഓട്ടൻതുള്ളൽ, അദ്ധ്യാത്മരാമായണം കിളിപ്പാട്ട്
D) കിരാതം ഓട്ടൻതുള്ളൽ, മഹാഭാരതം കിളിപ്പാട്ട്

62. ‘സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ’ എന്ന ഗ്രന്ഥത്തിലെ ഗാഥ, കിളിപ്പാട്ട്, ആട്ടക്കഥ, തുള്ളൽ എന്നീ പഠനങ്ങളുടെ കർത്താക്കൾ യഥാക്രമം, ഏത് ഗണത്തിൽപ്പെടുന്നു ?

A) ഡി. പത്മനാഭനുണ്ണി, കെ. എൻ. എഴുത്തച്ഛൻ, എസ്. കെ. നായർ, എ. ഡി. ഹരിശർമ്മ
B) ഡി. പത്മനാഭനുണ്ണി, എസ്. കെ. നായർ, എ. ഡി. ഹരിശർമ്മ, കെ. എൻ. എഴുത്തച്ഛൻ
C) കെ. എൻ. എഴുത്തച്ഛൻ, എ. ഡി. ഹരിശർമ്മ, ഡി. പത്മനാഭനുണ്ണി, എസ്. കെ. നായർ
D) എസ്. കെ. നായർ, എ. ഡി. ഹരിശർമ്മ, കെ. എൻ. എഴുത്തച്ഛൻ, ഡി. പത്മനാഭനുണ്ണി

63. ‘സാഹിത്യത്തെപ്പറ്റി ജ്ഞാനമില്ലാതെ ഒരുത്തനും ഡയറക്ടറാകാൻ കഴിയില്ല. കഥയാണ് ചിത്രത്തിന്റെ അടിസ്ഥാനം. അതിനെപ്പറ്റി ശരിയായി അറിഞ്ഞിരിക്കുക എന്നതാണ് അടിസ്ഥാനനിയമം. ഇത് അറിയാത്തതാണ് സകല മലയാള ചിത്രങ്ങളുടെയും പരാജയത്തിനു കാരണം.’ ഈ നിരീക്ഷണം ആരുടെ ?

A) അടൂർ ഗോപാലകൃഷ്ണൻ
B) എം. ടി. വാസുദേവൻനായർ
C) എൻ. ശ്രീകണ്ഠൻനായർ
D) സി. ജെ. തോമസ്

64. കുടത്തിലെ വിളക്ക്, ബലാബലം, അനുരഞ്ജനം, മരുപ്പച്ച എന്നീ നാടകങ്ങളിലെ കഥാപാത്രങ്ങൾ യഥാക്രമം ഏത് ഗണത്തിൽപ്പെടുന്നു ?

A) ഗോവിന്ദപ്പിള്ള, ലക്ഷ്മിയമ്മ, ഗോമതി, ഗംഗാധരൻനായർ
B) ഗോവിന്ദപ്പിള്ള, ഗോമതി, ഗംഗാധരൻനായർ, ലക്ഷ്മിയമ്മ
C) അപ്പുക്കുട്ടിമേനോൻ, കൃഷ്ണപിള്ള, ദേവകി, ഗോമതി

D) ദേവകി, കൃഷ്ണപിള്ള, ലക്ഷ്മിയമ്മ, ഗോവിന്ദപ്പിള്ള

65. 1889-ൽ പ്രസിദ്ധീകരിച്ച കൃതികൾ ഏത് ഗണത്തിൽപ്പെടുന്നു ?

A) ഇന്ദുലേഖ, സദാരാമ
B) ഇന്ദുലേഖ, ലക്ഷ്മീകല്യാണം
C) ഇന്ദുലേഖ, കല്യാണിനാടകം
D) കുന്ദലത, കല്യാണിനാടകം

66. 'ഇത്രയധികം പ്രാവശ്യം അഭിനയിക്കപ്പെട്ടിട്ടുള്ള മറ്റൊരു നാടകം മലയാളഭാഷയിൽ ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. പാട്ടുകൾ പ്രാകൃതമാണെങ്കിലും സംസാരഭാഷയിൽ എഴുതപ്പെട്ട ആദ്യത്തെ മലയാള നാടകം ഇതാണ്.' സി. ജെ. തോമസിന്റെ ഈ നിരീക്ഷണം ഏത് നാടകത്തെക്കുറിച്ച് ?

A) മറിയാമ്മ നാടകം
B) ദേവകിക്കുട്ടി
C) സമന്വയം
D) ശാകുന്തളം

67. താഴെപ്പറയുന്നവയിൽ ചരിത്രനാടകം ഏത് ?

A) ചക്കീചങ്കരം
B) സദാരാമ
C) അവതരണം
D) സീതാലക്ഷ്മി

68. അർത്ഥാപകർഷത്തിന് ഉദാഹരണം തെരഞ്ഞെടുക്കുക

A) ഭസ്മം
B) കൗരവർ
C) മാടം
D) പാവാട

69. നാടകത്തിൽ കവിത ഉപയോഗിക്കുക, സമൂഹത്തെ സോദ്ദേശ്യമായി പരിഹസിച്ച് വിമർശിക്കുക എന്നിങ്ങനെ ബ്രഹ്ത് ഉപയോഗിച്ച സങ്കേതങ്ങൾ പ്രയോഗിച്ചിട്ടുള്ള നാടകം ഏത് ?

A) തിക്കോടിയന്റെ 'രാജമാർഗ്ഗം'
B) ഓംചേരി നാരായണപിള്ളയുടെ 'തേവരുടെ ആന'
C) എൻ. എൻ. പിള്ളയുടെ 'ക്രോസ്ബെൽറ്റ്'
D) കെ. ടി. മുഹമ്മദിന്റെ 'സാക്ഷാത്കാരം'

70. ആധുനിക മലയാളഗദ്യത്തിന്റെ ജനയിതാവ്, മലയാളത്തിലെ വിമർശനപ്രസ്ഥാനത്തിന്റെ പ്രോദ്ഘാടകൻ എന്നീ നിലകളിൽ അറിയപ്പെടുന്നത് ആര് ?

A) എ. ആർ. രാജരാജവർമ്മ
B) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ
C) കേരളവർമ്മ വലിയകോവിൽതമ്പുരാൻ
D) സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള

71. ശരിയായ ഗണം ഏത്?

| പട്ടിക I | പട്ടിക II |
|---|---|
| (a) 1957-ൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ പ്രശ്നങ്ങൾ വിഷയമാക്കി | i. നഷ്ടക്കച്ചവടം |
| (b) നായർ സമുദായത്തിലെ ദൂഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു | ii. ലക്ഷ്മീകല്യാണം |
| (c) രാഷ്ട്രീയ പ്രവർത്തകരെ കളിയാക്കുന്നു | iii. സത്രം |
| (d) സാമൂഹിക വിലക്കുകൾകൊണ്ട് സ്ത്രീകൾ അനുഭവിക്കുന്ന ദുരിതത്തിന്റെ ആവിഷ്കാരം | iv. കൂട്ടുകൃഷി |
| | v. ഇബിലീസുകളുടെ നാട്ടിൽ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | iv | i | v | ii |
| B) | v | ii | i | iii |
| C) | ii | v | iv | iii |
| D) | iii | ii | v | i |

72. തോപ്പിൽ ഭാസി, പി. കേശവദേവ് എന്നിവരുടെ നാടകങ്ങൾ യഥാക്രമം, ഏത് ഗണത്തിൽപ്പെടുന്നു ?
 A) നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, ഞാനിപ്പോൾ കമ്മ്യൂണിസ്റ്റാകും
 B) നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, വൈൻ ഗ്ലാസ്
 C) നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി, നിങ്ങളാരെ കമ്മ്യൂണിസ്റ്റാക്കി
 D) ഞാനിപ്പോൾ കമ്മ്യൂണിസ്റ്റാകും, നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി

73. 'ലോന:പഞ്ചമേഷ്ഠ' എന്ന സൂത്രത്തിന് ലീലാതിലകകാരൻ നല്കുന്ന ഉദാഹരണം ഏത് സന്ധിയിൽ പെടുന്നതാണ് ?
 A) ലോപം B) ആദേശം C) ആഗമം D) ദ്വിത്വം

74. ഭാരതത്തിലെ ആദ്യത്തെ ആധുനിക വനിതാശില്പി എന്ന അംഗീകാരം നേടിയ മലയാളി ആര്?
 A) കമല ദാസ് ഗുപ്ത B) രുഗ്മിണി വർമ്മ
 C) പത്മിനി ടി.കെ D) മംഗളാഭായ് തമ്പുരാട്ടി

75. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ഏതാണ് എൻ.വി.കൃഷ്ണവാര്യർക്ക് യോജിക്കാത്തത് ?
 A) മാതൃഭൂമി പത്രാധിപർ ആയിരുന്നു
 B) ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തു
 C) 'ഗാന്ധിയും ഗോഡ്സെയും' എന്ന കവിത രചിച്ചു
 D) ചങ്ങമ്പുഴക്കവിതയുടെ ആരാധകനായിരുന്നു

76. കഥകളും സിനിമകളും കൊടുത്തിരിക്കുന്നു. ശരിയായ ഗണം ഏത്?

| പട്ടിക I | പട്ടിക II |
|---|---|
| (a) ബിസിനസ് | i. ഓമനക്കുട്ടൻ |
| (b) അച്ഛനും മകനും | ii. സർഗവസന്തം |
| (c) നീലവെളിച്ചം | iii. നായരുപിടിച്ച പുലിവാൽ |
| (d) വടക്കുനിന്ന് വന്ന പക്ഷി | iv. അഭയം |
| | v. ഭാർഗ്ഗവീനിലയം |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | iii | i | v | ii |
| B) | i | iii | iv | v |
| C) | iv | v | i | iii |
| D) | iii | v | ii | iv |

77. ഗുജറാത്തിലെ ഭൂകമ്പത്തിൽ ഒറ്റപ്പെട്ടുപോയ കുട്ടിയുടെ കഥയിലൂടെ നന്മയുടെ ഉറവ് വറ്റാത്ത ഒരു കുടുംബനാഥനെ അവതരിപ്പിച്ച ചലച്ചിത്രം ഏത് ?
 A) വെട്ടം B) ദൃശ്യം C) കാഴ്ച D) വർഷം

78. 'സാഹിത്യവും സിനിമയും - ഒരു ചിഹ്നശാസ്ത്രപഠനം' എന്ന കൃതിയുടെ കർത്താവ് ആര് ?
 A) ആർ. വി. എം. ദിവാകരൻ B) വി. രാജകൃഷ്ണൻ
 C) തോട്ടം രാജശേഖരൻ D) ജി. ജെയിംസ്

79. അഭിധായകത്വം, ഭാവകത്വം, ഭോജകത്വം എന്നിങ്ങനെ രസാസ്വാദനത്തിന് മൂന്ന് വ്യാപാരമുണ്ടെന്ന് അഭിപ്രായപ്പെട്ട ആലങ്കാരികൻ ആര് ?

A) കുന്തകൻ B) ഭട്ടനായകൻ
C) ശ്രീശങ്കുകൻ D) ഭട്ടലൊല്ലടൻ

80. 'The Uses of Literacy' എന്ന കൃതിയുടെ കർത്താവ് ആര് ?
A) റിച്ചാർഡ് ഹൊഗാർട്ട് B) എഫ്. ആർ. ലെവിസ്
C) ഇ പി. തോംസൺ D) സ്റ്റുവർട്ട് ഹാൾ

81. നവമാർക്സിയൻ ചിന്തകൻ എന്ന് അറിയപ്പെടുന്നത് ആര് ?
A) സൈമൺ ഡ്യൂറിങ് B) കെ. കാമ്പൽ
C) എച്ച്. ജി. ജോൺസൺ D) ലൂയി അൽത്തൂസർ

82. ഇമേജിസത്തെ ഒരു പ്രസ്ഥാനമെന്ന നിലയിൽ വളർത്തുകയും പോഷിപ്പിക്കുകയും ചെയ്ത കവി
A) ടി.എസ്.എലിയട്ട് B) എസ്രാപൌണ്ട്
C) പി.ബി.ഷെല്ലി D) കോളറിഡ്ജ്

83. പറയിപെറ്റ പന്തിരുകുലത്തിലെ 12 മക്കളിൽ ഒരാളായ നാറാണത്തു ഭ്രാന്തന്റെ കർമ്മവേദിയായി അറിയപ്പെടുന്ന സ്ഥലം ഏത് ?
A) കൊടുങ്ങല്ലൂർ B) രായിരനെല്ലൂർ
C) തിരുനെല്ലി D) തിരുമാന്ധാംകുന്ന്

84. ശരിയായ ഗണം ഏത് ?

| പട്ടിക I | പട്ടിക II |
|---|---|
| (a) കേരളത്തിലെ ഒന്നാമത്തെ വനിതാ മാസിക | i. ശാരദ |
| (b) ഈ മാസികയിലെ ലേഖനങ്ങൾ സ്ത്രീകൾക്കുവേണ്ടി സ്ത്രീകളെക്കുറിച്ച് സ്ത്രീകൾ എഴുതിയവയാണ് | ii. ശ്രീമതി |
| | iii. വനിതാമിത്രം |
| (c) സ്ത്രീ സ്വാതന്ത്ര്യത്തിനും സ്ത്രീകളുടെ അവകാശങ്ങൾക്കുംവേണ്ടി വാദിച്ച ആദ്യത്തെ വനിതാ മാസിക | iv. വനിതാകുസുമം |
| | v. കേരളീയ സുഗുണബോധിനി |
| (d) വനിതകൾ നടത്തിയിരുന്ന വാരിക | |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | v | i | iv | ii |
| B) | v | i | iv | iii |
| C) | iii | ii | v | iv |
| D) | iv | iii | i | v |

85. 'എട്ടാമത്തെ മോതിരം' ആരുടെ കൃതി ? ഏത് സാഹിത്യ ശാഖയിൽപ്പെടുന്നു ?
A) കെ. എം. മാത്യു, ആത്മകഥ B) പി. കെ. ബാലകൃഷ്ണൻ, ജീവചരിത്രം
C) കെ. ടി. മുഹമ്മദ്, നാടകം D) ടാറ്റാപുരം സുകുമാരൻ, നോവൽ

86. 'ഇത്ര മഹത്തായ ഒരു ഗ്രന്ഥം മലയാളത്തിൽ ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല എന്ന് പറയുന്നതിന് എനിക്ക് ധൈര്യമുണ്ട്.' കേരളവർമ്മയുടെ ഈ പ്രസ്താവം ഏത് കൃതിയെക്കുറിച്ച് ?
A) ഇന്ദുലേഖ B) തിരുവിതാംകൂർ ചരിത്രം
C) കൊച്ചീരാജ്യചരിത്രം D) ഭാഷാനാരായണീയം

87. ചില കേരളചരിത്രപ്രശ്നങ്ങൾ, കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, ജന്മിസമ്പ്രദായം കേരളത്തിൽ എന്നിവയുടെ കർത്താവിന്റെ മറ്റൊരു കൃതി ഏത് ?
A) അന്നത്തെ കേരളം B) പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം

C) കേരളത്തിന്റെ സാംസ്കാരിക ചരിത്രം D) ജാതി വ്യവസ്ഥിതിയും കേരളചരിത്രവും

88. സ്ഥാപിതമായ കാലക്രമത്തിൽ ശരിയായ ഗണം ഏത്?
A) കേരളസാഹിത്യ അക്കാദമി, കേരള സംഗീതനാടക അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള പ്രസ് അക്കാദമി
B) കേരള സംഗീതനാടക അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള പ്രസ് അക്കാദമി, കേരള ലളിതകലാ അക്കാദമി
C) കേരള ലളിതകലാ അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള സംഗീതനാടക അക്കാദമി, കേരള പ്രസ് അക്കാദമി
D) കേരള സാഹിത്യ അക്കാദമി, കേരള പ്രസ് അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള സംഗീതനാടക അക്കാദമി

89. കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ടിന്റെ മുഖപത്രം ഏത് ?
A) വിജ്ഞാനപോഷിണി B) വിജ്ഞാനകൈരളി
C) സാഹിത്യലോകം D) ഗ്രന്ഥാലോകം

90. കേരള ഭൂപരിഷ്കരണ നിയമം നടപ്പാക്കിയത് എന്ന് ?
A) 1937 B) 1963 C) 1991 D) 1995

91. കേരളത്തിലെ ഏറ്റവും വലിയ ചുവർചിത്രം ഏത് ?
A) തൃപ്രയാർ ശ്രീരാമക്ഷേത്രത്തിലെ ഗജേന്ദ്രമോക്ഷം
B) മട്ടാഞ്ചേരി കൊട്ടാരത്തിലെ ഗോവർദ്ധനം ഉയർത്തുന്ന കൃഷ്ണൻ
C) കോട്ടയ്ക്കൽ ക്ഷേത്രത്തിലെ രാമസുഗ്രീവസഖ്യം
D) കൃഷ്ണപുരം കൊട്ടാരത്തിലെ ഗജേന്ദ്രമോക്ഷം

92. 'നാം ജാതിഭേദം വിട്ടിട്ട് ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു..... നാം പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല.' നാരായണഗുരുവിന്റെ ഈ വിളംബരം ഏത് മാസികയിലാണ് പ്രത്യക്ഷപ്പെട്ടത് ?
A) പ്രബുദ്ധകേരളം B) മിതവാദി C) വിവേകോദയം D) ചിന്താമണി

93. അഞ്ചുവണ്ണം, മണിഗ്രാമം എന്നിവ ആദ്യമായി പരാമർശിക്കപ്പെടുന്ന ശാസനം ഏത് ?
A) അവിട്ടത്തൂർ ശാസനം B) വാഴപ്പിള്ളി ശാസനം
C) മാമ്പിള്ളി ശാസനം D) തരിസാപ്പള്ളി ശാസനം

94. 'തിണസിദ്ധാന്തം - ചരിത്രവും വർത്തമാനവും.' ആരുടെ കൃതി ?
A) വി. രാജകൃഷ്ണൻ B) എം. തോമസ് മാത്യു
C) ശ്രീധരൻ അഞ്ചുമൂർത്തി D) പി. കെ. രാജശേഖരൻ

95. പ്രതിഭയെ ഭാവയിത്രി എന്നും കാരയിത്രി എന്നും വിഭജിച്ചത് ആര് ?
A) രാജശേഖരൻ B) ദണ്ഡി
C) അപ്പയ്യദീക്ഷിതർ D) അഭിനവഗുപ്തൻ

96. ശരിയായ ഗണം ഏത് ?

| പട്ടിക I | പട്ടിക II |
|---|---|
| (a) ശബ്ദാർത്ഥൗ സഹിതൗ കാവ്യം | i. ആനന്ദവർദ്ധനൻ |

(b) രമണീയാർത്ഥപ്രതിപാദകഃ ശബ്ദഃ കാവ്യം — ii. രുയ്യകൻ
(c) കാവ്യം ഗ്രാഹ്യമലങ്കാരാത് — iii. ജഗന്നാഥപണ്ഡിതൻ
(d) കാവ്യസ്യാത്മാ ധ്വനിഃ — iv. ഭാമഹൻ
v. വാമനൻ

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | iv | v | ii | i |
| B) | i | iii | ii | v |
| C) | iv | iii | v | i |
| D) | v | i | iv | iii |

97. വാമനന്റെ വൈദർഭി, പാഞ്ചാലി, ഗൗഡീയം എന്നീ മൂന്ന് രീതിഭേദങ്ങളുടെ കൂട്ടത്തിൽ ലാടീയം എന്നൊരു ഭേദം കൂട്ടിച്ചേർത്തത് ആര് ?
A) രുദ്രടൻ B) മമ്മടൻ
C) ലൊല്ലടൻ D) അഭിനവഗുപ്തൻ

98. രസത്തിന് സാഹിത്യത്തിലുള്ള പരമപ്രാധാന്യം ആദ്യമായി വ്യക്തമാക്കിയത് ആരൊക്കെ ?
A) ആനന്ദവർദ്ധനൻ, അഭിനവഗുപ്തൻ B) ഭട്ടനായകൻ, ശങ്കുകൻ
C) കുന്തകൻ, രാജശേഖരൻ D) മഹിമഭട്ടൻ, ഭോജൻ

99. ശാന്തത്തെ ഒരു രസമായി പരിഗണിക്കുകയും അതുൾപ്പെടുത്തി രസങ്ങളുടെ എണ്ണം ഒമ്പതാക്കി കല്പിക്കുകയും ചെയ്തത് ആര് ?
A) ദണ്ഡി B) ക്ഷേമേന്ദ്രൻ C) വിശ്വനാഥൻ D) ഉദ്ഭടൻ

100. 'യോഗരൂഢി' ക്ക് ഉദാഹരണം ഏത് ?
A) മരം B) കുതിര C) വേലക്കാരൻ D) അഭിരുചി

101. അതിശയോക്തി വിഭാഗത്തിൽപ്പെട്ട അലങ്കാരങ്ങൾ മാത്രമുള്ള ഗണം ഏത് ?
A) അസംഗതി, സംഭാവന, മീലിതം, അധികം
B) അസംഗതി, സഹോക്തി, പര്യായം, വ്യതിരേകം
C) ഉല്ലേഖം, സംബന്ധാതിശയോക്തി, വക്രോക്തി, സാരം
D) പര്യായോക്തം, പരികരം, വിഷമം, വ്യാജസ്തുതി

102. താരിനെന്തറിയാം ഹാ! തവ മേന്മയെപ്പറ്റി
വാരിധി വെറും മുത്തുച്ചിപ്പിയാലളക്കാമോ. അലങ്കാരം ഏത് ?
A) നിദർശന B) പ്രതിവസ്തൂപമ
C) വ്യതിരേകം D) ദൃഷ്ടാന്തം

103. ഭാഷയിലെ ഒന്നാമത്തെ വൃത്തശാസ്ത്രനിരൂപണം എന്ന് വിശേഷിപ്പിക്കപ്പെടുന്ന കൃതി ഏത് ?
A) വൃത്തമഞ്ജരി
B) ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും
C) വൃത്തമഞ്ജരീഭാഷ്യം
D) വൃത്തവിചാരം

104. വിജ്ഞാനത്തെ ബുദ്ധിപരം, അന്തർദർശനാധിഷ്ഠിതം എന്ന് തിരിച്ചത് ആര് ?
A) ബോദ്‌ലയർ B) ഹെർബർട്ട് റീഡ്
C) ക്രോച്ചേ D) വാൾട്ടർ പെയ്റ്റർ

105. കലാകാരന്റെ യോഗ്യത നിർണ്ണയിക്കുന്നതിന് വ്യക്തിത്വം (Individuality), സ്പഷ്ടത (Clearness), ആത്മാർത്ഥത (Sincerity) എന്നീ ഗുണങ്ങൾ മാനദണ്ഡമായി കണക്കാക്കിയ സാഹിത്യകാരൻ ആര് ?

A) ടോൾസ്റ്റോയ് B) വേർഡ്സ്വർത്ത്
C) ടി. എസ്. എലിയട്ട് D) ജെ. വി. പ്രീസ്റ്റ്ലി

106. എസ്. ടി. കോളിറിഡ്ജ്, അരിസ്റ്റോട്ടിൽ, ഹൊരേസ്, പ്ലേറ്റോ എന്നിവരുടെ കൃതികളുടെ രചനാകാലം ക്രമപ്പെടുത്തിയതു തെരഞ്ഞെടുക്കുക?
A) റിപ്പബ്ലിക്, ആഴ്സ് പോയറ്റിക, ബയോഗ്രാഫിയാ ലിറ്ററേറിയാ, പോയറ്റിക്സ്
B) ആഴ്സ് പോയറ്റിക, റിപ്പബ്ലിക്, പോയറ്റിക്സ്, ബയോഗ്രാഫിയാ ലിറ്ററേറിയാ
C) ബയോഗ്രാഫിയാ ലിറ്ററേറിയാ, ആഴ്സ് പോയറ്റിക, റിപ്പബ്ലിക്, പോയറ്റിക്സ്
D) ബയോഗ്രാഫിയാ ലിറ്ററേറിയാ, പോയറ്റിക്സ്, ആഴ്സ് പോയറ്റിക, റിപ്പബ്ലിക്

107. മലയാളലിപികൾ ആദ്യമായി പ്രത്യക്ഷപ്പെട്ടത് ഏത് കൃതിയിൽ ?
A) സംക്ഷേപവേദാർത്ഥം B) പഴഞ്ചൊൽമാല
C) ഹോർത്തൂസ് മലബാറിക്കൂസ് D) ചതുരന്ത്യം

108. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ 'കല്യാണിനാടകം' " പരദാരഗമനത്തെ നിർദ്ദോഷമാക്കി തീർത്തിരിക്കുന്നതിനാൽ അത് ദുർമാർഗ്ഗപ്രേരകമാണെന്നും അത് ഞങ്ങൾക്ക് സ്വീകാര്യമല്ലായെന്നും" തുറന്നെഴുതിയ വിമർശകൻ ആര് ?
A) സി. പി. അച്യുതമേനോൻ
B) എ. ആർ. രാജരാജവർമ്മ
C) കേരളവർമ്മ വലിയകോയിതമ്പുരാൻ
D) സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള

109. ചെത്തി തെച്ചിയാവുന്നതു ഏതുതരം വർണ്ണ വികാരത്തിന് ഉദാഹരണമാണ്?
A) പൂർവ്വ സവർണ്ണനം B) പര സവർണ്ണനം
C) വിവർണ്ണനം D) സ്ഥാന വിപര്യയം

110. ശരിയായ ഗണം ഏത് ?

| പട്ടിക I | പട്ടിക II |
|---|---|
| (a) ഗുരുവിന്റെ ദു:ഖം | i. കുറ്റിപ്പുഴ കൃഷ്ണപിള്ള |
| (b) ക്ഷോഭിക്കുന്നവരുടെ സുവിശേഷം | ii. എസ്. ഗുപ്തൻനായർ |
| (c) സാഹിതീകൗതുകം | iii. സുകുമാർ അഴീക്കോട് |
| (d) വർണ്ണരാജി | iv. കെ. പി. അപ്പൻ |
| | v. എം. ലീലാവതി |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | iii | iv | i | v |
| B) | iv | iii | ii | v |
| C) | ii | iii | v | i |
| D) | iii | iv | v | i |

111. എ. ആർ. രാജരാജവർമ്മയുടെ മാത്രം പ്രബന്ധങ്ങൾ ഏത് ഗണത്തിൽപ്പെടുന്നു ?
A) ആധുനിക മലയാളഭാഷ, നിരൂപണത്തിന്റെ മാതൃക, അരയുകാരം, ഭാഷാപരിഷ്കരണം
B) ശബ്ദവ്യുത്പത്തി, ഉച്ചാരണം, ഒരു താമ്രശാസനം, ഭാഷാകൃതികൾ
C) ഈ ദേശത്തിലെ ഭവനങ്ങൾ, കരണപരിഷ്കരണം, കേരളത്തിലെ സ്ഥലനാമങ്ങൾ, കമ്പിത്തപാൽ
D) അന്യാപദേശശതകം, കോശഗ്രന്ഥങ്ങൾ, ഒരു യാത്രാസ്മരണ, ശ്രീമഹാഭാരതതർജ്ജമ

112. 'പ്രാചീന കേരളലിപികൾ' ആരുടെ ?
A) വി. ആർ. പരമേശ്വരൻപിള്ള B) എസ്. ജെ. മംഗലം
C) എൽ. എ. രവിവർമ്മ D) കെ. എൻ. എഴുത്തച്ഛൻ

113. ഏകകാലിക (Synchronic) പഠനമാണ് ബഹുകാലിക (Diachronic) പഠനത്തിന് അടിസ്ഥാനമെന്നും. ഏകകാലിക പഠനങ്ങളുടെ താരതമ്യംകൊണ്ടാണ് ബഹുകാലികപഠനം സാദ്ധ്യമാകുന്നതെന്നും സമർത്ഥിച്ചത് ആര് ?

A) ഫെർദിനൻഡ് ദ് സൊസ്യൂർ
B) ബ്ലൂം ഫീൽഡ്
C) കാൾഡ്വൽ
D) വിൻഫ്രഡ് പി. ലഹ്മാൻ

114. അപനിർമ്മാണത്തിലെ പാഠങ്ങളിലെ ആന്തരികവൈരുദ്ധ്യങ്ങൾ അനാവരണം ചെയ്യുന്ന രീതിയും പ്രത്യയശാസ്ത്രവായനയും കൂട്ടിച്ചേർത്ത് സാഹിത്യത്തെ സമീപിക്കുന്ന വിമർശകൻ ആര് ?

A) കെ. പി. അപ്പൻ
B) വി. സി. ശ്രീജൻ
C) എം. ലീലാവതി
D) ബി. രാജീവൻ

115. ഉഷാനമ്പൂതിരിപ്പാട്, പി. വി. ഓമന, പി. സോമശേഖരൻനായർ, ഡി. രാധാകൃഷ്ണൻനായർ എന്നിവരുടെ കൃതികൾ യഥാക്രമം, ഏത് ഗണത്തിൽപ്പെടുന്നു ?

A) സാമൂഹിക ഭാഷാശാസ്ത്രം, നിഘണ്ടുക്കൾ മലയാളത്തിൽ, നിഘണ്ടുവിജ്ഞാനം, അപശബ്ദ ബോധിനി
B) സാമൂഹിക ഭാഷാശാസ്ത്രം, നിഘണ്ടുക്കൾ മലയാളത്തിൽ, നിഘണ്ടുവിജ്ഞാനം, ആഖ്യാന വിജ്ഞാനം
C) നിഘണ്ടുക്കൾ മലയാളത്തിൽ, സാമൂഹിക ഭാഷാശാസ്ത്രം, അപശബ്ദബോധിനി, ആഖ്യാന വിജ്ഞാനം
D) സാമൂഹിക ഭാഷാശാസ്ത്രം, നിഘണ്ടുക്കൾ മലയാളത്തിൽ, നിഘണ്ടുനിർമ്മാണം, ആഖ്യാന വിജ്ഞാനം

116. സംശ്ലിഷ്ട കക്ഷ്യ എന്ന ഭാഷാഗോത്ര വിഭാഗത്തിന്റെ പ്രത്യേകത എന്ത് ?

A) പ്രത്യയമില്ലാത്ത പ്രകൃതി മാത്രമായ ഭാഷ
B) പ്രകൃതികളോട് പല പ്രത്യയങ്ങൾ ചേർത്തു പ്രയോഗിക്കുന്ന ഭാഷ
C) പ്രകൃതിപ്രത്യയങ്ങൾക്ക് വികാരം സംഭവിച്ച് വേർതിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥയിലുള്ള ഭാഷ
D) പ്രകൃതികളോടു ചേർന്ന പ്രത്യയങ്ങളുടെ സ്ഥാനത്തു ഗതി, അനുപ്രയോഗം എന്നിവ ഉപയോഗിക്കുന്ന ഭാഷ

117. അകറ്റുന്നു എന്ന രൂപം താഴെക്കൊടുത്തിരിക്കുന്ന ഏതു കാരികയ്ക്ക് ഉദാഹരണമായാണ് കേരളപാണിനി നല്കുന്നത് ?

A) ലകാരം വർത്സ്യമായ്ത്തീരും
തവർഗ്ഗം പരമാവുകിൽ
B) വിനാമം ലളകൾക്കോതാം
വർഗ്യ മേതിന്റെ മുൻപിലും
C) ഖരത്തിൻ മുൻപ് ലാദേശം
മുൻപിൻ പൊന്നെന്ന നാവിന്
D) കൽ ടാവുകൾക്കില്ലത്രേ
അതിപ്രസരമെന്നതു

118. തദ്വത്തദ്ധിതത്തിന് ഉദാഹരണമാണ്

A) മടിയൻ
B) കണ്ടവൻ
C) വലുപ്പം
D) പുതുമ

119. ശരിയായ ഗണം ഏത് ?

| പട്ടിക I | പട്ടിക II |
|---|---|
| (a) വ്യാകരണവിവേകം | i. കെ. എം. പ്രഭാകരവാര്യർ |
| (b) കേരളപാണിനീയ ഭാഷ്യം | ii. സി. കെ. ചന്ദ്രശേഖരൻനായർ |
| (c) പൂർവ്വകേരള ഭാഷ | iii. കെ. രാഘവൻപിള്ള |
| (d) മലയാളത്തിന്റെ വളർച്ച | iv. സി. എൽ. ആന്റണി |
| | v. എൻ. എൻ. മൂസത് |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | ii | v | iii | i |
| B) | v | iii | i | iv |
| C) | iv | i | iii | v |
| D) | v | iv | i | ii |

120. ‘പ്രക്രിയാഭാഷ്യം’ ആരുടെ കൃതി ? പ്രതിപാദ്യം എന്ത് ?

A) ഫാ. ജോൺ കുന്നപ്പള്ളി, മലയാളവ്യാകരണം
B) ഐ. സി. ചാക്കോ, പ്രക്രിയസർവ്വസ്വത്തിന്റെ വ്യാഖ്യാനം
C) ഫാ. ജോൺ കുന്നപ്പള്ളി, സംസ്കൃതവ്യാകരണത്തിന്റെ മലയാളത്തിലുള്ള വിവരണം
D) മേൽപ്പുത്തൂർ നാരായണഭട്ടതിരി, സംസ്കൃതവ്യാകരണം

**********************